# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2587</u> — <u>14.02.2013 ൽ മറുപടിക്ക്</u>

**<u>കലയ്ക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>**

| <u>ചോദ്യം</u> | ഉത്തരം |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കലയ്ക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ എന്നുവരെയാണ് ഉണ്ടായിരുന്നത്; രോഗികളെ കിടത്തി ചികിത്സിക്കുന്നതിൽ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ, എന്താണ്; | (എ) 03.06.2010 വരെയാണ് കിടത്തിചികിൽസ ഉണ്ടായിരുന്നത്. കിടത്തിചികിൽസ ആരംഭിക്കുന്നതിന് അധിക തസ്തികകൾ വേണ്ടി വരും. കിടത്തിചികിൽസാ സൗകര്യമുള്ള നെടുങ്ങോലം താലൂക്കാശുപത്രി ഈ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പൊതുജനങ്ങൾ കിടത്തി ചികിത്സ ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ, എന്ത് നടപടിയാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളത്; | (ബി) യും (സി) യും ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) ജനപ്രതിനിധികളും, പൊതുജനങ്ങളും നിരവധി അപേക്ഷകൾ നൽകിയിട്ടും നാളിതുവരെ യാതൊരു മേൽനടപടികളും അധികാരികൾ കൈക്കൊള്ളാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യം പരിഗണിക്കുവാൻ തയ്യാറാകുമോ? | |

സെക്ഷൻ ഓഫീസർ